**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 216** **27-01-2026 - ൽ മറുപടിയ്ക്ക്**

**എമിസിസുമാബ് പ്രൊഫൈലാക്സിസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഹീമോഫീലിയ ബാധിതയായ സ്ത്രീയ്ക്ക് രാജ്യത്താദ്യമായി എമിസിസുമാബ് പ്രൊഫൈലാക്സിസ് നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (എ) | ഉണ്ട്. 2025-ൽ രാജ്യത്ത് ആദ്യമായി ഹീമോഫീലിയ ബാധിതയായ ഒരു സ്ത്രീയ്ക്ക് (32 വയസ്, തൃശ്ശൂർ) വിശദമായ പരിശോധനയും കൗൺസിലിംഗും നടത്തിയ ശേഷം, തൃശ്ശൂർ മെഡിക്കൽ കോളേജിലെ വിദഗ്ധ സംഘത്തിന്റെ മേൽനോട്ടത്തിൽ എമിസിസുമാബ് പ്രൊഫൈലാക്സിസ് നൽകിയിട്ടുണ്ട്. ഇതുകൂടാതെ 18 വയസ്സിന് താഴെയുള്ള ഒരു പെൺകുട്ടിയ്ക്കും അത്യപൂർവ്വമായി മാത്രം സ്ത്രീകളിലും പെൺകുട്ടികളിലും കണ്ടുവരുന്ന ഹിമോഫിലിയ-എ രോഗത്തിന് ചികിത്സയായി സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന 'ആശാധാര' പദ്ധതി വഴി, നേരത്തെ തന്നെ എമിസിസുമാബ് പ്രൊഫൈലാക്സസിസ് സൗജന്യമായി നൽകി വരുന്നുണ്ട്. രക്തത്തിലെ ക്ലോട്ടിംഗ് ഫാക്ടറുകളുടെ അഭാവം മൂലം ഉണ്ടാകുന്ന ഒരു പാരമ്പര്യ ജനിതക രോഗമാണ് ഹീമോഫീലിയ. അനിയന്ത്രിതമായ രക്തസ്രാവമാണ് ഇതിന്റെ പ്രധാന ലക്ഷണം. മനുഷ്യ ശരീരത്തിലെ X ക്രോമോസോമിലുണ്ടാകുന്ന ജനിതക തകരാർ കാരണം ഉണ്ടാകുന്ന രോഗമായതിനാൽ ഇത് സാധാരണയായി എല്ലായ്പ്പോഴും പുരുഷന്മാരെയാണ് ബാധിക്കുന്നത്. സ്ത്രീകൾ ഇതിന്റെ വാഹകർ (carriers) മാത്രമാണ്. സ്ത്രീക്ക് ഹീമോഫീലിയ രോഗം ഉണ്ടാകുന്നത് അപൂർവ്വങ്ങളിൽ അപൂർവ്വമാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സിവിയർ ഹീമോഫീലിയ രോഗികളിൽ മാത്രം കണ്ടുവരുന്ന ഗുരുതരമായ അവസ്ഥയായ ഫാക്ടർ VIII ലെവൽ ഒരു ശതമാനത്തിൽ താഴെയായിരുന്നു ഈ രോഗിക്ക് ഉണ്ടായിരുന്നത്. ആരംഭത്തിൽ വോൺ വില്ലിബ്രാൻഡ് (von willebrand disease) രോഗമാണെന്ന് കരുതിയാണ് ചികിത്സിച്ചിരുന്നതെങ്കിലും പലതവണയുള്ള രക്ത പരിശോധനയ്ക്കു ശേഷമാണ് ഹീമോഫീലിയ എ രോഗമാണന്ന് കൃത്യമായി കണ്ടെത്തിയത്. |

| | | | |
|---|---|---|---|
| | | | അനിയന്ത്രിതമായ രക്തസ്രാവം കാരണം അവരുടെ അണ്ഡാശയവും ഗർഭപാത്രവും നീക്കം ചെയ്യേണ്ടതായി വന്നതു കൂടാതെ ദീർഘകാലമായി ഹോർമോൺ ചികിത്സയിലുമാണ്. ആവർത്തിച്ചുള്ള രക്തസ്രാവവും സങ്കീർണമായ സന്ധി വൈകല്യങ്ങളും കാരണം കഠിനമായ വേദന അനുഭവിച്ചിരുന്ന ടിയാൾക്ക് ഇപ്പോൾ രോഗത്തിൽ നിന്നും മോചനമായിരിക്കുന്നു. സംസ്ഥാന സർക്കാരിന്റെ 'ആശാധാര' പദ്ധതിയിലൂടെയാണ് എമിസിസുമാബ് പ്രൊഫൈലാക്സിസ് ചികിത്സ സൗജന്യമായി ലഭ്യമാക്കിയിട്ടുള്ളത്.<br><br>രാജ്യത്ത് ആദ്യമായി സ്ത്രീകളിലെ രക്തസ്രാവം ചികിത്സിക്കുന്നതിനുള്ള മാർഗരേഖ തയ്യാറാക്കിയതും 2025-ൽ കേരളമാണ്. സംസ്ഥാനത്തു നിലവിൽ പ്രവർത്തിച്ചു വരുന്ന "സ്ത്രീ" ക്ലിനിക്കുകൾ വഴി സ്ത്രീകളിലെ അമിത രക്തസ്രാവം നേരത്തെ കണ്ടെത്തി ചികിത്സിക്കാൻ പ്രത്യേക പരിപാടിയും സർക്കാർ നടപ്പിലാക്കി വരികയാണ്. സ്ത്രീകളിലും പെൺകുട്ടികളിലും രക്ത സ്രാവ രോഗങ്ങൾക്കുള്ള സമയബന്ധിത ചികിത്സ ഉറപ്പാക്കുന്നതിൽ കേരളത്തിന്റെ പ്രതിബദ്ധത തെളിയിക്കുന്ന പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. ഇത്തരത്തിൽ രക്തസ്രാവം തടയുന്ന നൂതന ചികിത്സയായ എമിസിസുമാബ് പ്രൊഫൈലാക്സിസ് രാജ്യത്ത് ആദ്യമായി കേരളത്തിലാണ് ആരംഭിച്ചത്. ഹീമോഫീലിയ രോഗികളിൽ ഇത് വിസ്മയകരമായ മാറ്റങ്ങളാണ് സൃഷ്ടിച്ചത്. 2024-ൽ കേരളത്തിലാണ് രാജ്യത്ത് ആദ്യമായി 18 വയസിന് താഴെയുള്ള മുഴുവൻ രോഗികൾക്കും എമിസിസുമാബ് മരുന്ന് നല്കിയത്. രക്തസ്രാവവും ആശുപത്രി സന്ദർശനങ്ങളും ഗണ്യമായി കുറയ്ക്കുന്നതിനും ഈ നൂതന ചികിത്സയിലൂടെ സാധിച്ചു. നിലവിൽ സംസ്ഥാനത്ത് 500 ൽ അധികം രോഗികൾക്ക് 'ആശാധാര' പദ്ധതിയിലൂടെ എമിസിസുമാബ് ചികിത്സ നല്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ